# <u>അനധികൃത കരിങ്കൽ ക്വാറി ഷാഡോ പോലീസ് കണ്ടെത്തി</u>

എറണാകുളം റൂറൽ ജില്ലയിൽ അനധികൃതമായി പ്രകൃതി വിഭവങ്ങൾ ചൂഷണംചെയ്യുന്നവർക്കെതിരെ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്. ഐ.പി.എസ് ആവിഷ്ക്കരിച്ച പുതിയ പദ്ധതി പ്രകാരം ഇന്ന് (26.01.2017) നടത്തിയ പ്രത്യേക റെയ്ഡിൽ, അയ്യമ്പുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തട്ടുപാറയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി, ജില്ല പോലീസ് മേധാവിയുടെ ഷാഡോ പോലീസ് ടീം കണ്ടെത്തി. സ്ഥല<u>ത്തു</u>നിന്നും ഒരു കട്ടിംഗ് മെഷീനും ബന്തവസ്സിലെടു<u>ത്തു</u>

ആലുവ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐ.പി.എസ്- ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. ശ്രീ. വി. സുനിൽകുമാറിൻെറ നിർദ്ദേശ പ്രകാരം ഷാഡോ പോലീസ് നടത്തിയ പരിശോധനയിലാണ്, മൈനിംഗ് & ജിയോളജി വകുപ്പ് പ്രവർത്തനം നിർത്തിവെയ്ക്കാൻ ഉത്തരവിട്ടിരുന്ന കരിങ്കൽ ക്വാറി അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയത്.

തട്ടുപാറ മേരിഗിരി ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് ക്വാറി പ്രവർത്തിച്ചിരുന്നത്.

സ്പെഷ്യൽ ഷാഡോ പോലീസ് ടീമിൽ ഷാഡോ എ.എസ്.ഐ മാരായ ജോയ്, സജീവ് ചന്ദ്രൻ, പോലീസുകാരായ രാജേഷ്, ശ്യാംകുമാർ മുഹമ്മദ് എന്നിവരാണുണ്ടായിരുന്നത്.

കട്ടിംഗ് മെഷിൻ അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ ഹാജരാക്കി കേസ്സ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തി വരുന്നു.

റൂറൽ ജില്ലയിൽ നിയമവിരുദ്ധമായി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ഇത്തരം റെയ്ഡുകൾ തുടരുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.